**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 546** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>മുൻസർക്കാരുകളുടെ കാലയളവിലെ വൈദ്യുതി നിയന്ത്രണങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** 2016-2021, 2021-2026 സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള വൈദ്യുതി നിയന്ത്രണങ്ങൾ,പ്രഖ്യാപിത/അപ്രഖ്യാപിത ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് ഏർപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016 മുതൽ 2026 കാലയളവിൽ ലോഡ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രിഡ് സുരക്ഷക്കുവേണ്ടിയും സിസ്റ്റം പരിമിതികളും മറ്റ് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുവേണ്ടിയും ഇക്കാലയളവിൽ പല ഘട്ടങ്ങളിലായി അപ്രഖ്യാപിത ലോഡ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2016-2026 കാലയളവിൽ ഏർപ്പെടുത്തിയ ലോഡ് നിയന്ത്രണത്തിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾ **അനുബന്ധം** ആയി ചേർക്കുന്നു.

**(ബി)** എങ്കിൽ, ഏതൊക്കെ കാലയളവുകളിലായിരുന്നുവെന്നും എന്തൊക്കെ കാരണങ്ങളാലാണ് ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത കാലയളവിൽ ഗാർഹിക, വ്യവസായ, കാർഷിക മേഖലകളിൽ ഏർപ്പെടുത്തിയ പ്രതിദിന/പ്രതിമാസ വെട്ടിക്കുറവുകളുടെയും നിയന്ത്രണങ്ങളുടെയും കണക്കുകൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** വൈദ്യുതി നിയന്ത്രണങ്ങൾ 11 കെ.വി. ഫീഡർ അടിസ്ഥാനത്തിലാണ് ഏർപ്പെടുത്തുന്നത്. ഓരോ 11 കെ.വി. ഫീഡറിലും ഗാർഹിക, വ്യവസായ, കാർഷിക വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ, ഓരോ വിഭാഗങ്ങൾക്കും ഉണ്ടായ വൈദ്യുതി നിയന്ത്രണങ്ങളുടെ കണക്കുകൾ ഇനം തിരിച്ച് ലഭ്യമല്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ലോഡ് നിയന്ത്രണം (മില്യൺ യൂണിറ്റ്സ് ) | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മാസം | 16-17 | 17-18 | 18-19 | 19-20 | 20-21 | 21-22 | 22-23 | 23-24 | 24-25 | 25-26 |
| ഏപ്രിൽ | 14.29 | 0.48 | 8.91 | 1.57 | 1.92 | 0.61 | 4.68 | 5.56 | 3.27 | 0 |
| മേയ് | 3.35 | 2.46 | 4.34 | 6.79 | 1.37 | 3.41 | 0.17 | 5.33 | 0.61 | 0 |
| ജൂൺ | 0.35 | 1.58 | 2.28 | 3.99 | 0 | 0 | 0.94 | 2.70 | 3.50 | 0 |
| ജൂലൈ | 0 | 4.53 | 14.24 | 6.63 | 0 | 0.24 | 0 | 1.14 | 8.54 | 2.44 |
| ഓഗസ്റ്റ് | 1.59 | 7.99 | 9.61 | 5.01 | 0 | 1.52 | 0 | 11.99 | 12.15 | 0 |
| സെപ്റ്റംബർ | 0.55 | 7.01 | 20.91 | 6.87 | 0 | 1.98 | 0.52 | 3.56 | 6.47 | 3.13 |
| ഒക്ടോബർ | 1.58 | 5.90 | 17.08 | 2.47 | 0.60 | 4.40 | 0.13 | 11.86 | 4.82 | 0 |
| നവംബർ | 0.37 | 3.64 | 7.02 | 3.80 | 0.69 | 0.48 | 1.61 | 6.98 | 7.19 | 0 |
| ഡിസംബർ | 6.40 | 2.08 | 6.13 | 4.05 | 0.89 | 0 | 1.37 | 0 | 7.48 | 0 |
| ജനുവരി | 0 | 0.01 | 0.11 | 3.02 | 6.04 | 0 | 1.04 | 0 | 4.35 | 0 |
| ഫെബ്രുവരി | 1.14 | 4.22 | 1.94 | 1.79 | 5.58 | 0 | 6.88 | 0 | 2.73 | 0 |
| മാർച്ച് | 0.74 | 4.38 | 0.34 | 1.68 | 0.12 | 0 | 0 | 0 | 3.43 | 0 |
| **ആകെ** | **30.36** | **44.25** | **92.89** | **47.66** | **17.19** | **12.63** | **17.33** | **49.10** | **64.52** | **5.56** |